"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് - കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിൽ അംഗത്വം പുനഃസ്ഥാപിക്കാൻ അംഗങ്ങൾക്ക് അവസരം നല്കുന്നതിനായി അദാലത്ത് സംഘടിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**നികുതി (എച്ച്) വകുപ്പ്**

സ.ഉ.(സാധാ) നം.525/2024/TAXES തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:- . കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ 11.04.2024 ലെ 1/34145/2024 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വിജ്ഞാപനം-2009 ലെ ഖണ്ഡിക 19 ഉപഖണ്ഡിക (1) അനുസരിച്ച് കുടിശ്ശിക നിമിത്തം അംഗത്വം റദ്ദായ ഒരാൾക്ക് തന്റെ അംഗത്വം പുനഃസ്ഥാപിയ്ക്കുന്നതിന് ഒരു അവസരം നൽകാമെന്ന് നിഷ്കർഷിയ്ക്കുന്നുണ്ടെന്നും അതിനാൽ 2022 മാർച്ച് മുതൽ അംശാദായകുടിശ്ശിക വരുത്തി, അദാലത്ത് വഴി അംഗത്വം പുതുക്കാനുള്ള അവസരം ഇതുവരെ വിനിയോഗിയ്ക്കാത്ത, ക്ഷേമനിധി അംഗത്വം റദ്ദായവർക്ക് പിഴ സഹിതം അംശാദായം ഒടുക്കി റദ്ദായ അംഗത്വം പുനഃസ്ഥാപിയ്ക്കുന്നതിനുള്ള അവസരം നൽകുന്നതിനായി അദാലത്ത് സംഘടിപ്പിയ്ക്കുന്നതിനുള്ള അനുമതി ലഭ്യമാക്കണമെന്ന് പരാമർശം പ്രകാരം കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 2022 മാർച്ച് മുതൽ അംശാദായ കുടിശ്ശിക വരുത്തി, ഇതുവരെ അദാലത്ത് വഴി അംഗത്വം പുതുക്കാനുള്ള അവസരം

വിനിയോഗിയ്ക്കാത്ത, ക്ഷേമനിധി അംഗത്വം റദ്ദായവർക്ക്, പിഴ സഹിതം അംശാദായം ഒടുക്കി റദ്ദായ അംഗത്വം പുനഃസ്ഥാപിയ്ക്കുന്നതിനുള്ള അവസരം കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ് വിജ്ഞാപനം 2009 ലെ ഖണ്ഡിക 19 ഉപഖണ്ഡിക (1) അനുസരിച്ച് നൽകുന്നതിനായി അദാലത്ത് സംഘടിപ്പിയ്ക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വന്ദന എസ് കെ എ എസ്
അണ്ടർ സെക്രട്ടറി

1. ചെയർമാൻ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
2. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡ്, തിരുവനന്തപുരം
3. വിവര പൊതുജന സമ്പർക്ക (വെബ്& ന്യൂ മീഡിയ) വകുപ്പ്
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (TAXES-H1/122/2024-TAXES)

ഉത്തരവിൻ പ്രകാരം

Signed by
Babu. G
Date: 14-06-2024 10:58:20